(ഡി) എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ഡിപ്ലോമ കോഴ്സുകൾ പാസാ യവരെത്ര;

(ഇ) പാരാ മെഡിക്കൽ കോഴ്സുകൾ പാസ്സായവരെത്ര;

(എഫ്) ഡിഗ്രിയും പോസ്റ്റ്ഗ്രാഡുവേറ്റ് വിദ്യാഭ്യാസ യോഗ്യതയും നേടിയവരെത്ര

(ജി) എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രികൾച്ചർ എന്നീ വിഷയങ്ങ ളിൽ ഡിഗ്രിയും പോസ്റ്റ് ഗ്രാഡുവേറ്റ് യോഗ്യതയും നേടിയവർ എത്രവീത മുണ്ട്?

ഉത്തരം

(എ) 1996 ഏപ്രിൽ 30-ലെ കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം 3108376 ആണ്.

(ബി) 1999 മാർച്ച് 31-ാം തീയതിയിലെ കണക്കനുസരിച്ച് തൊഴിലില്ലാ ത്തവരുടെ എണ്ണം 37,90,563 ആണ്. രജിസ്ട്രേഷൻ പുതുക്കാൻ വൈകിയ വർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിന് അനുമതി നൽകിയതിനെ തുടർന്ന് 79192 പേർ കൂടി ലിസ്റ്റിൽ ചേർക്കപ്പെട്ടു. കൂടുതൽ എക്സ്ചേഞ്ചുകൾ അനുവദിച്ചപ്പോൾ സ്വാഭാവികമായും കൂടുതൽ പേർ രജി സ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്.

(സി) ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് 1998 ഡിസംബർ 31 വരെ എസ്.എസ്.എൽ.സി. യോഗ്യതയുള്ളവർ 22,24,481-ഉം എസ്.എസ്. എൽ.സി.ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 9,35,092-ഉം ആണ്.

(ഡി) 37201 പേർ

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ഡിഗ്രി പാസ്സായവർ – 2,06,243

പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാഭ്യാസ

യോഗ്യതയുള്ളവരുടെ എണ്ണം. – 45.512 ആണ്.

(ജി)

എഞ്ചിനീയറിംഗ്	–	7314
മെഡിസിൻ	–	2126
അഗ്രികൾച്ചർ	–	1324

സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം

198 (3127)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിൽ സ്വയംതൊഴിൽ കണ്ടെ ത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള സെല്ലുകൾ പ്രവർത്തിക്കു ന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) എന്തെല്ലാം വിധത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഇവിടെ നിന്നു നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പേർക്ക് മാർഗ്ഗനിർദ്ദേശം നൽകി;

(ഡി) അതിന്റെ ഫലമായി എത്ര പേർക്ക് പ്രയോജനം സിദ്ധിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൊല്ലം, ഇടുക്കി എന്നീ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി രണ്ട് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) രജിസ്റ്റർ ചെയ്യുവാൻ വരുന്ന ദുർബല വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ സ്വയം തൊഴിൽ കണ്ടെത്തുവാൻ താല്പര്യമുള്ളവരെ പ്രസ്തുത യൂണിറ്റിൽ രജിസ്റ്റർ ചെയ്ത് അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് ഉള്ള സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ട അപേക്ഷകൾ വാങ്ങി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങൾ/ജില്ലാ ബാങ്കുകൾ എന്നിവർക്ക് കൊടുക്കുകയും, ഇവർക്ക് ലോൺ ലഭ്യമാക്കുവാൻ ടി സ്ഥാപനങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് സഹായിക്കുകയും ചെയ്യുന്നു.

(സി) 460 പേർക്ക്.

(ഡി) 119 പേർക്ക് ലോൺ അനുവദിച്ചിട്ടുണ്ട്.

ഐ.റ്റി.ഐ. കളിലെ പ്രവേശനം

199 (3128)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.റ്റി.ഐ.കളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന രീതി എപ്രകാരമാണ്;

(ബി) സ്വകാര്യ ഐ.റ്റി.ഐ.കളിൽ പ്രവേശനം നൽകുമ്പോൾ മെരിറ്റ്, മാനേജ്മെന്റ് കാറ്റഗറി, എസ്.സി./എസ്.ടി തുടങ്ങിയ വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സംവരണം എത്രശതമാനം വീതമാണ്;

(സി) എസ്.ടി./എസ്.റ്റി.യിൽപ്പെട്ട അപേക്ഷകർ ഇല്ലെങ്കിൽ പ്രസ്തുത സീറ്റ് മറ്റുകുട്ടികൾക്ക് നൽകാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണമെന്താണ്

(ഡി) ഏതെങ്കിലും ഒരുവിഭാഗത്തിൽ അപേക്ഷകർ ഇല്ലെങ്കിൽ മറ്റു വിഭാഗങ്ങൾക്ക് സീറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സ്വകാര്യ ഐ.റ്റി.ഐ.കളിൽ നിലവിലുള്ള ട്രേഡുകളിൽ കൂടുതൽ യൂണിറ്റുകൾ തുടങ്ങാനുള്ള അപേക്ഷകൾ കേന്ദ്രഗവൺമെന്റിന്റെ ഇൻസ്പെക്ഷൻ ടീം വന്ന് പരിശോധിക്കാതെതന്നെ നിരസിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ്;

(എഫ്) പരീക്ഷകൾ സൂപ്പർവൈസ് ചെയ്യുന്നതിന് പ്രൈവറ്റ് മേഖലയിലെ അദ്ധ്യാപകരെ നിയമിക്കാത്തതിന്റെ കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly